LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം

12 (2290) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും എത്ര അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട് ;

(ബി) കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ളതിൽ 55 ഓവർഹെഡ് കണക്ഷനുകൾ കൊടുക്കുവാനുണ്ട്.

(ബി&സി) കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വർക്ക് ചെയ്യുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി

13 (2291) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏത് തീയതി വരെ അപേക്ഷ നൽകിയവർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് ഓരോ വിഭാഗവും തരം തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പോസ്റ്റുകൾ സൗജന്യമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പോസ്റ്റുകൾക്ക് പണം അടയ്ക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുമോ ;

(ഡി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ കിട്ടാൻ മുൻഗണനയുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 ഡിസംബർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ വെതർപ്രൂഫ് അപേക്ഷകരെയും 2000 ഡിസംബർ വരെ രജിസ്റ്റർ ചെയ്ത നോർമൽ ഓവർഹെഡ് അപേക്ഷകരെയുമാണ് ഇപ്പോൾ ടാർജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, 2001 ജനുവരി മുതലുള്ള വെതർപ്രൂഫ് കണക്ഷനുകളും 1998 ഏപ്രിൽ മുതലുള്ള ഓവർഹെഡ് കണക്ഷനുകളും നൽകാനുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.